## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.421. 07.01.2014 ൽ മറുപടിയ്ക്ക്.

**ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ ശുപാർശ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>" കെ. രാജു<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. അജിത് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പമന്ത്രി) |
| (എ) ബസ്സ് ചാർജ്ജ് പുനർ നിർണ്ണയിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ശുപാർശകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. റിപ്പോർട്ട് 19/12/2013 ൽ സർക്കാരിൽ ലഭിച്ചു. മിനിമം ചാർജ്ജ്, കിലോമീറ്റർ നിരക്ക്, വിദ്യാർത്ഥികളുടെ യാത്രാ നിരക്ക് എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കമ്മീഷൻ ശുപാർശ സമർപ്പിച്ചിട്ടുള്ളത്. |
| (ബി) ഫെയർ സ്റ്റേജ് നിർണ്ണയം സംബന്ധിച്ച് കമ്മീഷൻ എന്തെങ്കിലും ശുപാർശകൾ നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി അതിന്റെ 12-ാമത് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. നിലവിലുള്ള ഫെയർസ്റ്റേജുകൾ മാറ്റുന്നത് പ്രായോഗികമല്ല എന്നാണ് കമ്മിറ്റി ശുപാർശ ചെയ്തത്. എന്നാൽ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 211 പ്രകാരം ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി.യും ആർ.ടി.എ.യും തീരുമാനമെടുക്കാവുന്നതാണെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. |
| (സി) പ്രസ്തുത കമ്മീഷൻ ശുപാർശകൾ എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.